(സി) കുത്തിവയ്പ് നടത്തി കമ്മലിടുന്ന പന്നിയെ വളർത്തുന്ന കർഷകർക്ക് മൃഗ സംരക്ഷണ വകുപ്പ് ലഭ്യമാക്കുന്ന ആനുകൂല്യങ്ങളെ സംബന്ധിച്ച് വിശദമാക്കുമോ ;

(ഡി) ഇറച്ചിക്കുവേണ്ടി വളർത്തുന്ന പന്നികളെ കൊന്ന് കഴിയുമ്പോൾ അവയ്ക്കിടുന്ന കമ്മലുകളുടെ അടിസ്ഥാനത്തിൽ അവയുടെ കർഷകർക്ക് ഗുണം കിട്ടുന്നതെങ്ങനെയെന്ന് വിശദീകരിക്കുമോ ?

ഉത്തരം

(എ) കമ്മൽ ഇടും.

(ബി) സഹായിക്കും.

(സി & ഡി) രോഗ പ്രതിരോധ മേഖല സൃഷ്ടിക്കുന്നതിന്റെ ഭാഗമായാണ് കുത്തിവയ്പും ഇയർ ടാഗ് ഇടുന്നതും രോഗ വിമുക്തമായ പന്നിയുടെ ഇറച്ചിക്ക് വിപണി സാദ്ധ്യത കൂടുതലായിരിക്കും. കയറ്റുമതി ലക്ഷ്യമിടുമ്പോഴും ഇതിന്റെ പ്രയോജനം ഉറപ്പാകും. അന്താരാഷ്ട്ര വിപണിയിൽ മത്സരിക്കണമെങ്കിൽ രോഗ വിമുക്ത മേഖലയാകണം. ഇതിലേക്കാണ് സംസ്ഥാന സർക്കാർ ഗോരക്ഷാ പദ്ധതി നടപ്പിലാക്കിയിട്ടുള്ളത്.

കുത്തിവെയ്പിനെത്തുടർന്ന് പശു മരണപ്പെട്ടത് സംബന്ധിച്ച്

75 [1014] ശ്രീ. കെ. പി. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ വർഷം കുളമ്പുരോഗ നിവാരണ കുത്തിവെയ്പ് സംസ്ഥാനത്ത് പൂർത്തിയായിട്ടുണ്ടോ ;

(ബി) കുത്തിവെയ്പിനെത്തുടർന്ന് പശുക്കൾ മരണപ്പെട്ടതായി റിപ്പോർട്ടുകൾ ലഭിച്ചിട്ടുണ്ടോ ;

(സി) തൃശ്ശൂർ ജില്ലയിൽ അവിണിശ്ശേരി ഗ്രാമപഞ്ചായത്തിൽ വട്ടോളി വീട്ടിൽ ശ്രീ. ഭാസ്കരൻ എന്ന വ്യക്തിയുടെ പശു കുത്തിവെയ്പിനെത്തുടർന്ന് മരണപ്പെട്ടത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) 7 മാസം ഗർഭമുള്ള പശു കുത്തിവെയ്പിനെത്തുടർന്ന് മരണപ്പെട്ടതുമൂലം ശ്രീ. ഭാസ്കരന്റെ കുടുംബത്തിന് വലിയ നഷ്ടമുണ്ടായി എന്നത് കണക്കിലെടുത്ത് എന്തെങ്കിലും പരിഗണന നൽകുമോ ;

(ഇ) എങ്കിൽ ഇവർക്ക് എത്ര തുകയാണ് കോമ്പൻസേഷൻ നൽകുന്നതെന്ന് വ്യക്തമാക്കാമോ ;

(എഫ്) കോമ്പൻസേഷൻ നൽകുന്നതിന് കാലതാമസം നേരിടുന്നത് എന്തുകൊണ്ട് എന്നറിയിക്കുമോ ?

ഉത്തരം

(എ) പൂർത്തിയാക്കിട്ടുണ്ട്.

(ബി) ലഭിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ഡി) നിലവിലുള്ള നിർദ്ദേശ പ്രകാരം കോമ്പൻസേഷൻ നൽകാൻ നിർവ്വാഹമില്ല. കുത്തിവെയ്പിനുശേഷം നിയമാനുസൃതമുള്ള സമയപരിധി കഴിഞ്ഞാണ് ശ്രീ. ഭാസ്കരന്റെ പശു മരണപ്പെട്ടതെന്നതിനാൽ ഗോരക്ഷാ പ്രോജക്ട് മാനേജ്മെന്റ് കമ്മിറ്റിയുടെ പരിശോധനയ്ക്കും പരിഗണനയ്ക്കും ശേഷം മാത്രമേ നഷ്ട പരിഹാരം നൽകുന്നത് സംബന്ധിച്ച് തീരുമാനം കൈക്കൊള്ളുവാൻ സാധിക്കുകയുള്ളൂ.

(ഇ) സാധാരണ ഗതിയിൽ 5000 രൂപയാണ് നൽകിവരുന്നത്. ഇക്കാര്യത്തിൽ പ്രോജക്ട് മാനേജ്മെന്റ് കമ്മിറ്റിയുടെ പരിഗണനയ്ക്ക് വിധേയമായി തീരുമാനിക്കുന്നതാണ്.

(എഫ്) സാധാരണ ഗതിയിൽ സ്ഥലത്തെ വെറ്ററിനറി ഡോക്ടറുടെ പോസ്റ്റ്മോർട്ടം റിപ്പോർട്ട് ലഭിക്കുന്ന മുറയ്ക്ക് അനുവദനീയമാണെങ്കിൽ നഷ്ടപരിഹാരം നൽകുന്നതിന് ജില്ലാ മൃഗ സംരക്ഷണ ആഫീസറെയും ജില്ലാ കോ-ഓർഡിനേറ്ററേയും ചുമതലപ്പെടുത്തിയിട്ടുണ്ട്. സമയപരിധിക്കുശേഷം സംഭവിക്കുന്ന മരണങ്ങൾക്ക് കോമ്പൻസേഷൻ നൽകുന്നതിന് പ്രോജക്ട് മാനേജ്മെന്റ് കമ്മിറ്റിയുടെ പരിഗണനയ്ക്ക് വിടുന്നതാണ്. ഈ നടപടിക്രമങ്ങൾ പൂർത്തിയാക്കേണ്ടതിനാലാണ് കാലതാമസം ഉണ്ടാകുന്നത്.

കൈന്നൂരിലെ പന്നി വളർത്തൽ കേന്ദ്രം

76 [1015] ശ്രീ. എ. സി. മൊയ്തീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ ജില്ലയിലെ കൈന്നൂർ പന്നി വളർത്തൽ കേന്ദ്രം അവിടെ നിന്നും മാറ്റുന്നതിന് തീരുമാനമെടുത്തിട്ടുണ്ടോ എന്ന് അറിയിക്കുമോ ;

(ബി) ശ്രീ. സുകുമാർ അഴീക്കോട് പ്രസ്തുത പ്രശ്നത്തിൽ നടത്താൻ നിശ്ചയിച്ച സമരത്തിന്റെ ഒത്തുതീർപ്പ് വ്യവസ്ഥകൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ ;

(സി) ഇക്കാര്യത്തിൽ തുടർന്ന് സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ ?

ഉത്തരം

(എ) പന്നി ഫാം കൈന്നൂരിൽ നിന്ന് അനുയോജ്യമായ ഒരു സ്ഥലത്തേക്ക് മാറ്റുവാൻ സ്ഥലം കണ്ടുപിടിക്കുവാനുള്ള തീരുമാനം എടുത്തിട്ടുണ്ട് ;

(ബി) ഒത്തുതീർപ്പ് വ്യവസ്ഥകൾ ചുവടെ ചേർക്കുന്നു:

1. പന്നി ഫാം കൈന്നൂരിൽ നിന്ന് മാറ്റുന്നതിന് അനുയോജ്യമായ സ്ഥലം കണ്ടുപിടിക്കുന്നതിന് ഒരു മൂന്നംഗ കമ്മിറ്റിയെ നിയോഗിക്കുന്നതാണ്. പ്രസ്തുത കമ്മിറ്റിയിൽ ആക്ഷൻ കൗൺസിൽ നിർദ്ദേശിക്കുന്ന ഒരാൾ അംഗമായിരിക്കുന്നതാണ്.

2. പ്രസ്തുത കമ്മിറ്റി ഫാമിനുവേണ്ട പുതിയ സ്ഥലം കണ്ടുപിടിച്ച് രണ്ടു മാസത്തിനുള്ളിൽ ഗവൺമെന്റിനെ അറിയിക്കണം.

3. കൈന്നൂർ പന്നി വളർത്തൽ കേന്ദ്രത്തിലെ പന്നികളുടെ സ്ട്രെംഗ്ത് മുന്നിൽ ഒന്നായി കുറച്ചുകൊണ്ടുവരുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly